I ഇ.ബി. XIII-കേരള നിയമസഭ/XIV-2

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**തിരുത്തിയ ഉത്തരം**

### നക്ഷത്രചിഹ്നമിടാത്ത 572-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 572-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും നിയമവും

ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## പ്രത്യേക പരാമർശം

### കോതമംഗലം ബസ്സപകടം

മി. സ്പീക്കർ: ജൂൺ 26-ന് എറണാകുളം ജില്ലയിൽ കോതമംഗലം നെല്ലിമറ്റം കോളനിപ്പടിക്കു സമീപം ഓടിക്കൊണ്ടിരുന്ന സ്കൂൾ ബസ്സിനുമുകളിലേയ്ക്ക് മരം കടപുഴകിവീണ് ദാരുണ അന്ത്യം സംഭവിച്ച കോതമംഗലം കറുകടം വിദ്യാ വികാസ് സ്കൂളിലെ കുട്ടികളുടെ വേർപാടിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും പ്രതിജ്ഞാബദ്ധരാണെന്ന് ഓർമ്മിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അതീവ ദു:ഖകരമായ ഈ സംഭവത്തിൽ ഗവൺമെന്റിനുള്ള ഖേദം പ്രകടിപ്പിക്കുകയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്. അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനും അപകടകരമായ കെട്ടിടങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്. എല്ലാ

ഭാഗത്തുനിന്നുമുള്ള സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): വളരെ ദു:ഖകരമായ സംഭവമാണുണ്ടായത്. കർശന പരിശോധനയ്ക്കുശേഷം അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അതിനെ ഞങ്ങൾ അനുകൂലിക്കുന്നു. കുട്ടികളുടെ വേർപാടിൽ ദു:ഖം രേഖപ്പെടുത്തുന്നു.

(മൺമറഞ്ഞുപോയ കുരുന്നുകൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

**അടിയന്തര പ്രമേയം**

**ബാർ കോഴക്കേസ്**

മി. സ്പീക്കർ: ബാർ കോഴക്കേസിൽ ധനമന്ത്രിക്കെതിരെ കുറ്റപത്രം സമർപ്പിക്കേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനിച്ചിരിക്കുന്നതായും വിജിലൻസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ലെ ഒന്നാംപ്രതിയായ ധനമന്ത്രിയെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അന്വേഷണോദ്യോഗസ്ഥന്റെ ശിപാർശ നിയമവിരുദ്ധമായ നിയമോപദേശങ്ങളുടെ മറവിൽ തടഞ്ഞുവയ്ക്കുകയും ചെയ്തതായും

പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 01-11-2014-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിടുകയും പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ പുരോഗതി ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതുമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും സർക്കിൾ ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ സംഘം ഇൻവെസ്റ്റിഗേഷൻ നടത്തിവരികയാണ്. അന്വേഷണം

പൂർത്തിയാകുന്ന മുറയ്ക്ക് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമാണ് നടന്നുവരുന്നത്. കേസന്വേഷണം പൂർത്തിയാക്കി 173 സി.ആർ.പി.സി. പ്രകാരം കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. കേസന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും ഇടപെടാൻ സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് കേസിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഇപ്പോൾ സർക്കാർ പ്രാപ്തമല്ല.

<u>ശ്രീ. എസ്. ശർമ്മ</u>: കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ കേസ് സംബന്ധിച്ച് ചർച്ച ചെയ്യുന്നത് സബ്ജുഡിസ് ആകുകയില്ല. കേസിന്റെ മെറിറ്റിലേയ്ക്ക് പ്രവേശിക്കാൻ ധാർമ്മികമായ അവസരം നഷ്ടപ്പെട്ട സർക്കാരാണിത്. ബാർ കോഴക്കേസിൽ ധനമന്ത്രിക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ അന്വേഷണോദ്യോഗസ്ഥന് നിർദ്ദേശം നൽകിയിരിക്കുന്നുവെന്ന് പത്രങ്ങളിലെല്ലാം വാർത്ത വന്നിരിക്കുകയാണ്. അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ വസ്തുതാപരമായ റിപ്പോർട്ടും കുറ്റപത്രവും സ്വതന്ത്രമായി കോടതിയിൽ സമർപ്പിക്കാനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടിരിക്കുന്നത്. ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി.

കേസിന്റെ അടിസ്ഥാനത്തിൽ ബാർ കോഴ കേസിൽ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതെങ്കിലും സർക്കാരിന്റെ ഗൂഢാലോചനയെത്തുടർന്ന് ആ വാദഗതി ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഈ കേസിൽ സുപ്രീംകോടതിവിധിയുടെ നഗ്നമായ ലംഘനമാണ് നടന്നിരിക്കുന്നത്. ബാർ ഉടമകൾക്കുവേണ്ടി കോടതിയിൽ ഹാജരായ ഒരു വക്കീലിൽനിന്ന് നിയമോപദേശം തേടിക്കൊണ്ട് വിജിലൻസ് ഡയറക്ടർ ശ്രീ. കെ. എം. മാണി കുറ്റക്കാരനല്ലെന്ന് കാണിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ വഴി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാമെന്ന തന്ത്രപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരം ഒരു വക്കീലിൽ നിന്ന് നിയമോപദേശം തേടിയതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കണം. ജനാധിപത്യമൂല്യങ്ങൾക്കും സാംസ്കാരിക-ധാർമ്മിക മൂല്യങ്ങൾക്കും നിരക്കാത്തവിധം ഭരണകൂടം നിയമവ്യവസ്ഥയെ അട്ടിമറിച്ചിരിക്കുകയാണ്. നിയമവാഴ്ചയെ വെല്ലുവിളിച്ചും കോടതിനിർദ്ദേശങ്ങൾ ലംഘിച്ചുമുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രതിഷേധാർഹമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഈ കേസ്സിനെ സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വവും സ്വതന്ത്രവുമായ അന്വേഷണം നടത്തണമെന്നതന്നെയാണ് സർക്കാർ സ്വീകരിച്ച നിലപാട്. Lalithakumari Vs Government of U.P. എന്ന കേസ്സിന്റെ അടിസ്ഥാനത്തിൽ, കൊഗ്നിസിബിൾ ഒഫൻസുണ്ടോ ഇല്ലയോ എന്ന് പരിശോധിച്ചശേഷമാണ് ഈ കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. ഊഹാപോഹങ്ങളുടെയും മാധ്യമ വാർത്തകളുടെയും അടിസ്ഥാനത്തിൽ ഒരു കേസ്സന്വേഷണവും മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ കേസ്സന്വേഷണം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ. അന്വേഷണ ഏജൻസി സി.ആർ.പി.സി. അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. വിജിലൻസിന്റെ എല്ലാ കേസ്സുകളിലും നിയമോപദേശം തേടാറുണ്ട്. ആർ. സരള Vs. ടി.എസ്. വേലു എന്ന കേസ്സിന്റെ വിധിയിൽ അന്വേഷണ ഉദ്യോഗസ്ഥനും മറ്റുദ്യോഗസ്ഥർക്കും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുമ്പ് തങ്ങൾക്ക് ബോധ്യമുള്ള നിയമ വിദഗ്ദ്ധന്റെ ഉപദേശം ആരായാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെയും വിജിലൻസ് ഡയറക്ടറും മറ്റുദ്യോഗസ്ഥരും അതുതന്നെയാണ് ചെയ്തിട്ടുള്ളത്, അസാധാരണമായ മറ്റൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ കേസ്സിൽ സംസ്ഥാന നിയമ

വകുപ്പുമന്ത്രി ഉൾപ്പെട്ടതുകൊണ്ട് എ.ജി.യുടേയോ അഡീഷണൽ എ.ജി.യുടേയോ നിയമോപദേശം തേടേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനിക്കുകയും തുടർന്ന് സുപ്രീം കോടതിയിലെ അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ എന്നിവരുടെ നിയമോപദേശം തേടാൻ ശ്രമിച്ചെങ്കിലും അവർ നിയമോപദേശം നൽകാത്ത സന്ദർഭത്തിലാണ് ശ്രീ. നാഗേശ്വരറാവുവിന്റെ അഭിപ്രായം തേടിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാഗേശ്വരറാവുവിൽനിന്ന് നിയമോപദേശം തേടിയ കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. ഈ വിഷയത്തിൽ ഒരു പ്രത്യേക വ്യക്തിയിൽനിന്നും നിയമോപദേശം തേടണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: വിജിലൻസ് കേസ് അന്വേഷണത്തിൽ ഒരു ഇടപെടലും നടത്തിയിട്ടില്ല എന്നതിന്റെ പേരിൽ യു.ഡി.എഫ്.-ൽനിന്ന് കടുത്ത സമ്മർദ്ദമാണ് അനുഭവിക്കേണ്ടി വന്നതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. അത് ശരിയാണോയെന്നും ഏത് നേതാവിൽനിന്നാണ് സമ്മർദ്ദമുണ്ടായതെന്നും വ്യക്തമാക്കാൻ തയ്യാറാകണം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സ്വാഭാവികമായി ഉണ്ടാകുന്ന സമ്മർദ്ദത്തിന് ഈ ഗവൺമെന്റ് വഴങ്ങിയിട്ടില്ല.

(പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽവന്നുനിന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകുകയും ചെയ്തു.)

<u>ശ്രീ. രമേശ് ചെന്നിത്തല:</u> ഈ കേസ് തന്നെ ഒരു സമ്മർദ്ദമാണ്. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ബാർ കോഴ കേസിൽ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാട് അങ്ങേയറ്റം അപഹാസ്യമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും

അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) 2012-ലെ സേവനാവകാശ നിയമം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: 2012-ൽ പാസ്സാക്കിയ സേവനാവകാശ നിയമത്തിന്റെ ഗുണഫലം ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുവാനോ എല്ലാ വകുപ്പുകളേയും ടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനോ ജനങ്ങൾക്കിടയിൽ ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാനോ സാധിക്കാത്ത സാഹചര്യത്തിൽ ഈ നിയമം കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. സെക്രട്ടേറിയറ്റിലെ പല വകുപ്പുകളും ടി നിയമം പാസ്സാക്കിയെങ്കിലും 25 വകുപ്പുകൾ മാത്രമേ അതിനോടനുബന്ധമായ പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടുള്ളൂ. ഈ നിലപാടിന് മാറ്റം വരുത്തുന്നതിനായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും സേവനാവകാശ നിയമം നിർബന്ധമാക്കണം. ടി നിയമത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി കേരള ലീഗൽ സർവ്വീസസ് അതോറിറ്റി, കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ എന്നിവ മുഖാന്തിരം പഠന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക

സെൽ രൂപീകരിച്ച് പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും യഥാസമയം സേവനം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുകയും അതിലൊരു വിഹിതം നഷ്ടപരിഹാരമായി പരാതിക്കാരന് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള സംസ്ഥാന സേവനാവകാശ നിയമം 2012, നവംബർ 1-ാം തീയതി നിലവിൽ വരികയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി പാസ്സാക്കിയിട്ടുള്ള ടി നിയമം 120 ഓളം സ്ഥാപനങ്ങൾ നടപ്പാക്കുകയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എൻ.ഐ.സി.യുടെ സഹകരണത്തോടുകൂടി ഐ.എം.ജി.ഡയറക്ടറുടെ മേൽനോട്ടത്തിൽ ഒരു ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി വിശദമായ പ്രോപ്പോസൽ സമർപ്പിക്കണമെന്ന്

ഐ.എം.ജി. ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ഇന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്. സേവനാവകാശ നിയമത്തിന്റെ നടത്തിപ്പിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (2) ക്യാൻസർ രോഗ നിയന്ത്രണം

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇന്ന് കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ് ക്യാൻസർ രോഗ വ്യാപനം. ക്യാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ വർദ്ധിക്കുന്നുണ്ടെങ്കിലും രോഗ വ്യാപനം തടയാനാവശ്യമായ നടപടികളുണ്ടാകുന്നില്ല. ക്യാൻസർ രോഗ ചികിത്സയ്ക്കായി സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങൾ കുറവാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കുള്ള സൗകര്യങ്ങളുണ്ടെങ്കിലും സമഗ്രമായ രീതിയിലുള്ള ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനാവശ്യമായ സൗകര്യം സർക്കാർ ഒരുക്കിക്കൊടുക്കണം. ക്യാൻസർ രോഗ വ്യാപനം സംബന്ധിച്ച്

സംസ്ഥാനതലത്തിൽ ഒരു പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ഓങ്കോളജി സർജറി ഡിപ്പാർട്ടുമെന്റും ഓങ്കോളജി മെഡിസിൻ ഡിപ്പാർട്ടുമെന്റും റേഡിയേഷൻ ഡിപ്പാർട്ടുമെന്റും ഒരു കുടക്കീഴിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതോടൊപ്പം രോഗം തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം. ജനസംഖ്യാനുപാതികമായി ക്യാൻസർ രോഗ സർവ്വെ നടത്തണം. ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സയ്ക്കുള്ള ആധുനിക സൗകര്യങ്ങളൊരുക്കണം. ക്യാൻസർ രോഗ ചികിത്സാ രംഗത്തെ സ്വകാര്യ സംരംഭകരുടെ ചൂഷണം തടയണം. ക്യാൻസർ രോഗവ്യാപനം തടയുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെയിടയിലുള്ള അവബോധം, ചികിത്സ എന്നിവയ്ക്ക് ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത്

ഒന്നരലക്ഷത്തോളം ക്യാൻസർ രോഗികളുള്ളതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ക്യാൻസർരോഗ വ്യാപനം സംബന്ധിച്ച് ഇന്ത്യയിലും പുറത്തും ഗവേഷണങ്ങൾ നടന്നുവരികയാണ്. രോഗം വരാതെ പ്രതിരോധിക്കുക, രോഗത്തെ ഫലപ്രദമായി നേരിടുക തുടങ്ങിയ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. പാൻമസാലപോലുള്ള ലഹരി പദാർത്ഥങ്ങൾ നിരോധിച്ചതും പച്ചക്കറികളിലെ കീടനാശിനികളും സംസ്കരിച്ച ഭക്ഷണപദാർത്ഥങ്ങളിലെ രാസപദാർത്ഥങ്ങളും ക്യാൻസർ വ്യാപനത്തിനിടയാക്കുന്നുവെന്ന റിപ്പോർട്ടും ക്യാൻസറിനെ പ്രതിരോധിക്കാൻ സഹായകമായിട്ടുണ്ട്. 'സുകൃതം' പദ്ധതിയിലൂടെ ഒട്ടേറെ പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന 'സ്വാസ്ഥ്യം' കർമ്മപരിപാടിയുടെ രണ്ടാംഘട്ടം പുരോഗമിക്കുകയാണ്. ലോകക്യാൻസർ ദിനത്തിൽ സംസ്ഥാനത്ത് കഴിഞ്ഞ വർഷം ആരംഭിച്ച 'Kerala Campaign against Cancer' എന്ന പദ്ധതി വിജയകരമായി മുന്നോട്ടുപോകുകയാണ്. ആർ.സി.സി.-യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചതോടൊപ്പം എല്ലാ മെഡിക്കൽ കോളേജുകളിലും മിനി ആർ.സി.സി-കൾ ആരംഭിക്കുന്നതിനും

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. തിരുവനന്തപുരത്തും തൃശ്ശൂരും ഈ സാമ്പത്തിക വർഷം ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലയിലെ ഒരാശുപത്രിയിൽ ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാമിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. 'ആരോഗ്യ കിരണം' പദ്ധതിയിലൂടെ 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും ആരംഭിക്കുന്നതിന് തുടക്കം കുറിച്ചതോടൊപ്പം ആന്യൂറ്റി മോഡലിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മലപ്പുറത്ത് 'ഇൻകെൽ'-ന്റെ ആഭിമുഖ്യത്തിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ക്യാൻസർ വ്യാപനത്തിനുള്ള കാരണങ്ങൾ വിലയിരുത്തുന്ന ഗവേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിനും രോഗപ്രതിരോധ നടപടികൾ ഫലപ്രദമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ ഏറ്റവും വലിയ വെല്ലുവിളിയായി നിൽക്കുന്ന ക്യാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനായി വിദഗ്ധമായ പഠനം

നടത്തുന്നതിന് ഒരു സമിതിയെ സർക്കാർ നിയോഗിക്കുന്നതാണ്. സർജിക്കൽ ഓങ്കോളജി വിഭാഗത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

## (1) മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും തടയൽ

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 1985-ലെ NDPS (Narcotic Drugs and Psychotropic Substances Act) ആക്ടിൽ ഭേദഗതി കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും ഇല്ലായ്മ ചെയ്യുന്നതിന് പോലീസ് എക്സൈസ് വകുപ്പുകൾ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. ഇതിനായി ആരംഭിച്ച സ്പെഷ്യൽ റെയ്ഡിൽ 2836 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 3465 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാലയ പരിസരങ്ങളിൽ മയക്കുമരുന്നിന്റെയും പുകയില ഉത്പന്നങ്ങളുടെയും

ഉപയോഗവും വ്യാപനവും തടയുകയെന്ന ലക്ഷ്യത്തോടെ ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ബ്രാന്റ് അംബാസിഡറായ മമ്മൂട്ടിയെ പങ്കെടുപ്പിച്ചുകൊണ്ട് ജൂലൈ മാസം അവസാനം കോഴിക്കോട് വച്ച് വിപുലമായ ഒരു പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി പോലീസ് എന്നീ വിഭാഗങ്ങൾ മുഖാന്തിരവും ബോധവത്കരണം നടത്തിവരുന്നുണ്ട്. സമൂഹത്തെ ലഹരിയിൽ നിന്നും മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'സുബോധം' എന്ന പേരിൽ മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ പ്രചരണപരിപാടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പഞ്ചനക്ഷത്ര ഹോട്ടലുകൾ, കോളേജ് ഹോസ്റ്റലുകൾ, ആഡംബര പാർട്ടികൾ തുടങ്ങിയവയിലെല്ലാം മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇടുക്കി ജില്ലയിലേയ്ക്ക് കഞ്ചാവ് കടത്തുന്നത് തടയുന്നതിന്റെ ഭാഗമായി അതിർത്തി പ്രദേശങ്ങളിൽ കർശന പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രെയിനുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിലെല്ലാം കർശന പരിശോധന നടത്താൻ പോലീസിന്

നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) തമിഴ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കൽ

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലെ മൂന്നാർ സ്കൂളിൽ തമിഴ് ഹയർ സെക്കണ്ടറിയും ഗൂഡാർവിള സ്കൂളിൽ തമിഴ് വൊക്കേഷണൽ ഹയർ സെക്കണ്ടറിയും അടിമാലി ഹൈസ്കൂളിൽ ട്രൈബൽ ഹയർ സെക്കണ്ടറിയും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഇടുക്കി ജില്ലയിൽ എയിഡഡ് മേഖലയിൽ ഏഴും സർക്കാർ മേഖലയിൽ നാലും സ്കൂളുകൾക്ക് മലയാളം, ഹിന്ദി ഉപഭാഷയായി രണ്ടുവീതം പ്ലസ് ടു ബാച്ചുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ എയിഡഡ് മേഖലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനം നിലവിലില്ല. ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിലെ രണ്ട് സ്കൂളുകളിൽ ഓരോ ഹയർ സെക്കണ്ടറി ബാച്ചുവീതം പ്രവർത്തിക്കുന്നുണ്ട്. അടിമാലി പ്രദേശത്ത് എസ്.എൻ.ഡി.പി. വി.എച്ച്.എസ്.എസ്., ഫാത്തിമമാതാ ഗേൾസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലായി ഏഴ് ഹയർ സെക്കണ്ടറി ബാച്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ മൂന്നാർ സ്കൂളിൽ തമിഴ് ഹയർ

സെക്കണ്ടറിയും ഉഡാർവിള സ്കൂളിൽ തമിഴ് വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

## (3) കാട്ടാനശല്യം

ശ്രീ. എം. പി. വിൻസെന്റ്: ഒല്ലൂർ നിയോജകമണ്ഡലത്തിലെ മാന്ദാമംഗലം ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട ചുള്ളിക്കാവ് മുതൽ വെള്ളക്കാരിത്തടം വരെയുള്ള പ്രദേശത്ത് കാട്ടാനശല്യം നേരിടുന്നതിനായി സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനും കാട്ടാനശല്യംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒല്ലൂർ നിയോജക മണ്ഡലത്തിലെ മാന്ദാമംഗലം ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട ചുള്ളിക്കാവ് മുതൽ വെള്ളക്കാരിത്തടം വരെയുള്ള പ്രദേശങ്ങളിൽ കാട്ടാനകൾ നാട്ടിലിറങ്ങി വ്യാപകമായി കൃഷി നശിപ്പിക്കുന്നതായും സ്ഥലവാസികൾക്ക് ഭയപ്പാടുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാട്ടാനശല്യം ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിൽ വല്ലൂർ മുതൽ ചുള്ളിക്കാവുവരെയുള്ള അഞ്ച് കിലോമീറ്റർ ദൂരം

സൗരോർജ്ജ കമ്പികൾ സ്ഥാപിക്കുകയും അവ പ്രവർത്തനക്ഷമമാക്കുകയും പ്രസ്തുത സ്ഥലത്തെ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് സൗരോർജ്ജ വേലിയുടെ പരിപാലനം അവരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പുതുതായി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിന് പതിനഞ്ച് ലക്ഷം രൂപയും തൃശ്ശൂർ വനം ഡിവിഷനിലേയ്ക്ക് 2015-2016 വർഷത്തെ വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി ഏഴ് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## (4) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിനും ബാങ്കിന് ലഭിക്കേണ്ട പണം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ

നിയമപ്രകാരം അന്വേഷണം നടത്തി ഉത്തരവാദികളായവരെന്ന് കണ്ടെത്തിയ ബാങ്കിന്റെ മുൻ പ്രസിഡന്റ്, മുൻ സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് കൊല്ലം ജോയിന്റ് രജിസ്ട്രാർ ജനറൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയുമാണ്. ഇവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ ഭരണസമിതിയെ സഹകരണ നിയമപ്രകാരം സസ്പെന്റ് ചെയ്യുകയും പകരം വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ കൊട്ടാരക്കര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറലിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പയായി നൽകിയ തുക ഈടാക്കുന്നതിനും നിക്ഷേപം തിരികെ നൽകുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിനും ബാങ്കിന് ലഭിക്കേണ്ട പണം ഈടാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ കർശന

നിർദ്ദേശം നൽകിയിട്ടുണ്ട്.

## (5) വാളയാർ-മണ്ണുത്തി ദേശിയപാത വികസനം

ശ്രീ. എ. കെ. ബാലൻ: വാളയാർ-മണ്ണുത്തി ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും പണി പൂർത്തീകരിക്കുന്നതിന് മുമ്പേ ടോൾ പിരിക്കുന്നത് നിർത്തിവയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): എൻ.എച്ച്.-47 ന്റെ ഭാഗമായ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള 53.83 കിലോമീറ്റർ റോഡ് വികസനം 13.11.2015-ൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ കൺസഷണർ എഗ്രിമെന്റ് പ്രകാരം ഈ പ്രവൃത്തിയുടെ 75 ശതമാനം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനും ഈ ഭാഗത്ത് ടോൾ പിരിവ് ആരംഭിക്കുന്നതിനും കമ്പനിക്ക് നിയമപരമായ അവകാശമുണ്ട്. 46.75 ശതമാനം റോഡിന്റെ പണി പൂർത്തിയാക്കി 21.5.2015 മുതൽ ടോൾ പിരിവ് ആരംഭിച്ചതിനെതിരെ തദ്ദേശവാസികൾ പ്രതിഷേധം ഉയർത്തുകയും ടോൾ പിരിവ് താത്കാലികമായി നിറുത്തിവയ്ക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാകളക്ടർ രാഷ്ട്രീയ നേതാക്കളുടെയും

ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷണർ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ലെന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയും എഗ്രിമെന്റിൽ വരുന്ന ബാക്കി പ്രവൃത്തികൾ മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് അറിയിക്കുകയും 02.06.2015 മുതൽ ടോൾ പിരിവ് പുനരാരംഭിക്കുകയും ചെയ്തു. പാത നിർമ്മാണത്തിലെ അപാകത കൺസഷണർ എഗ്രിമെന്റിലെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കാൻ കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടിയുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

## (6) ആരോഗ്യരംഗത്ത് സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും ചൂഷണം

ശ്രീ. തോമസ് ഉണ്ണിയാടൻ: ആരോഗ്യരംഗത്ത് സ്വകാര്യ ആശുപത്രികളും മെഡിക്കൽ ലാബുകളും നടത്തുന്ന ചൂഷണം തടയുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർക്കാരിന്റെ പരിഗണനയിലുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയിൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നതാണ്. പ്രസ്തുത ബിൽ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് ശ്രമിക്കുകയാണ്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.

## (7) സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർകോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കാസർകോഡ് ജില്ലയിൽ ആകെ 65-ഓളം ഡോക്ടർമാരുടെ ഒഴിവുകളുള്ളതിൽ 47-ഓളം ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും 16 ഡോക്ടർമാരെ എൻ. ആർ. എച്ച്. എം. വഴിയും നിയമിച്ചിട്ടുണ്ട്. പി.ജി കോഴ്സ് കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന 149

ഡോക്ടർമാരെയും പി.എസ്.സി. ലിസ്റ്റിൽനിന്നുള്ള 41 പേരെയും നിയമിക്കുമ്പോൾ കാസർകോഡ് ജില്ലയ്ക്ക് മുന്തിയ പരിഗണന കൊടുക്കുന്നതാണ്. ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളോടുകൂടി മഞ്ചേശ്വരം, മൂളിയാർ, പനത്തടി, പെരിയ, ചെറുവത്തൂർ എന്നീ സി.എച്ച്.സി.കൾ ആരംഭിക്കുന്നതിനും കാസർകോഡ് ജില്ലയിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് 20,000 രൂപ കൂടുതലായി നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 25 കെ.വി ജനറേറ്റർ ലഭ്യമാക്കിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട എം.എൽ.എ.യുടെ സാന്നിധ്യത്തിലും പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആവശ്യമായ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

## (8) കോടഞ്ചേരി പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തൽ

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി പി.എച്ച്.സി. സിഎച്ച്.സി. ആയി ഉയർത്തി ജീവനക്കാരെ നിയമിക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കോടഞ്ചേരി സി.എച്ച്.സിയുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) കരിമ്പനി രോഗം

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഇടപ്പാറ കോളനിയിൽ പടർന്നുപിടിക്കുന്ന കരിമ്പനി രോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര പി.ച്ച്.സി.ക്ക് പരിധിയിലുള്ള ഇടപ്പാറ കോളനി നിവാസിയായ

മേലാറ്റുപറമ്പിൽ ബാബു എന്നയാൾ കരിമ്പനി ബാധിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഈ രോഗം കൂടുതലായി കാണപ്പെടുന്ന ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ബീഹാർ സംസ്ഥാനങ്ങളിൽനിന്ന് വന്ന തൊഴിലാളികളുമായി ഒരുമിച്ച് ജോലി ചെയ്തിരുന്ന ആളാണ് ബാബു. മണലീച്ച വഴി പകരുന്ന ഈ രോഗം തൃശ്ശൂർ ജില്ലയിൽ 2006-ലും 2014-ലും റിപ്പോർട്ട് ചെയ്തിരുന്നു. രോഗം റിപ്പോർട്ട് ചെയ്തയുടൻ റാപ്പിഡ് റെസ്പോൺസ് ടീം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് രോഗനിർണ്ണയ പ്രവർത്തനങ്ങൾ നടത്തിയതിൽ കോളനിയിലും സമീപ പ്രദേശങ്ങളിലും പുതുതായി ആർക്കും രോഗം സ്ഥിരീകരിച്ചിട്ടില്ല. 2015 ജൂൺ 22, 23 തീയതികളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് മണലീച്ചകളുടെ സാന്നിധ്യമറിയുന്നതിന് രാത്രികാല സർവ്വേ നടത്തുകയും ജൂൺ 24 ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു ടീം കാര്യകാരണ സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. എന്റമോളജി ടീം കോളനിയിലെ വീടുകൾ സന്ദർശിച്ച് ചുമരുകളിൽ ആൽഫ സൈഫർ മെത്തിലിൻ സ്പ്രേ ചെയ്യുകയും പരിസര ശുചീകരണ, ബോധവത്കരണ പരിപാടികളും രോഗനിർണ്ണയവും നടത്തുകയും ചെയ്തു.' ജാഗ്രത 2015 ' എന്ന പരിപാടിയിലൂടെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ സംസ്ഥാനത്തുടനീളം പരിശോധനയും

ബോധവത്കരണവും നടത്തുകയാണ്. ഇമിഗ്രന്റ് സ്ക്രീനിംഗ് പരിപാടിയുടെ ഭാഗമായി രോഗനിർണ്ണയവും ചികിത്സയും സൗജന്യമായി നടത്തുന്നതിനായി ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡിഎം.ഒ.യെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. വീടുകളുടെ ഭിത്തികൾ വേണ്ടവിധം പ്ലാസ്റ്റർ ചെയ്ത് മണലീച്ചകളെ ഇല്ലാതാക്കുന്ന പരിപാടി പഞ്ചായത്ത്, എസ്.സി./എസ്.ടി. വകുപ്പുകൾ മുഖാന്തിരം നടത്തിവരുന്നു. കരിമ്പനി രോഗനിർണ്ണയത്തിനുള്ള ആർ.കെ. 39 ടെസ്റ്റ് കിറ്റും ചികിത്സയ്ക്കുള്ള മരുന്നും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലഭ്യമാക്കിയിട്ടുണ്ട്.

## (10) കാലവർഷക്കെടുതി

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടി മേഖലയിൽ കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്കും കൃഷിക്കാർക്കും നഷ്ടപരിഹാരം നൽകാനും മിച്ചഭൂമി പതിച്ചുനൽകാനുമുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർപ്രകാശ്): കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന അട്ടപ്പാടി മേഖലയിലെ 82 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റുകയും കൂടുതൽ ക്യാമ്പുകൾ തുറക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവിടെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ടാഴ്ചത്തെ സൗജന്യ റേഷനും

പട്ടികജാതിയിൽപ്പെട്ടവർക്ക് പ്രത്യേക ആനുകൂല്യങ്ങളും നൽകാൻ ഉത്തരവായിട്ടുണ്ട്. കൃഷിക്കാർക്കും വീടുകൾ തകർന്നവർക്കും അടിയന്തര സഹായം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മിച്ചഭൂമി പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(2) സബ്ജക്റ്റ് കമ്മിറ്റി III-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന

63-ാം നമ്പർ നക്ഷത്രചിഹനമിട്ട ചോദ്യത്തിൻമേൽ സബ്ജക്റ്റ് കമ്മിറ്റിയുടെ അന്വേഷണം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിച്ചു.

(3) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അന്യസംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതി എന്ന വിഷയത്തിൻമേൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടും സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിൻമേൽ നടന്ന ചർച്ചയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടും തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ, വിവിധ ഊർജ്ജാവശ്യങ്ങൾക്കായി സ്ഥാപിതമായ ഊർജ്ജപദ്ധതികൾ എന്നിവയുടെ പഠനം സംബന്ധിച്ച് കർണ്ണാടക, മഹാരാഷ്ട്ര, ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടും പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', ഐ.ടി.ഐ.കളുടെ നവീകരണം,' 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ കമ്മിറ്റിയുടെ ചർച്ചയുടെ സംക്ഷേപവും സമർപ്പിച്ചു.

(4) 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമമിറ്റി VIII-ന്റെ റിപ്പോർട്ടും ഫിഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിച്ചു.

(5) സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചു.

(6) സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(7) സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(8) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

(9) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

**ബഡ്ജറ്റ് ഇൻ ബ്രീഫ് സംബന്ധിച്ച ശുദ്ധിപത്രം**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഇൻ ബ്രീഫ് സംബന്ധിച്ച ശുദ്ധിപത്രം മേശപ്പുറത്ത് വച്ചു.

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥർ (412,49,77,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III- നീതിന്യായ നിർവ്വഹണം (383,79,13,000 രൂപ)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: ഉദ്യോഗസ്ഥവൃന്ദത്തെയും ജുഡീഷ്യറിയെയും ദുരുപയോഗപ്പെടുത്തുന്ന സർക്കാരാണിത്. ജനക്ഷേമകരമായ പ്രവർത്തങ്ങളൊന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ജനജീവിതം ദു:സഹമാക്കിയിരിക്കുന്നു. കൺസ്യൂമർ ഫെഡിലും സിവിൽ സപ്ലൈസ് കോർപ്പറേഷനിലും അഴിമതി നടമാടുകയാണ്. തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനോ തൊഴിലുറപ്പ് പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനോ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ആശുപത്രികളിൽ മരുന്നും ഡോക്ടർമാരും നഴ്സുമാരുമില്ലാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. പകർച്ചപ്പനികൾ പ്രതിരോധിക്കാനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ തകർച്ചയെ നേരിടുകയാണ്. വൻകിട

വ്യവസായങ്ങളുടെ വികസനത്തിനായി നീക്കിവച്ച തുക ചെലവഴിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. പൊതുകടം വർദ്ധിക്കുകയും കേരളം കടക്കെണിയിലക പ്പെടുകയും ചെയ്തിരിക്കുകയാണ്. സ്കൂളുകളിലെ പാഠപുസ്തക വിതരണം അവതാളത്തിലായിരിക്കുകയാണ്. ക്രമസമാധാനരംഗമാകെ തകർന്നിരിക്കുക യാണ്.

**ക്രമപ്രശ്നം**

## ഗ്യാലറിയിൽ ഉദ്യോഗസ്ഥരുടെ അഭാവം

ശ്രീ. വി. ശിവൻ കുട്ടി: സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥന ചർച്ച നടക്കുന്ന ഈ അവസരത്തിൽ ബന്ധപ്പെട്ട വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഗ്യാലറിയിലുണ്ടാകണമെന്നതിന് റൂളിംഗ് ഉണ്ടാകണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്നതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. എഴുപത്തിയഞ്ച് ലക്ഷം രൂപയായിരുന്ന എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് ആറ് കോടി രൂപയായി വർദ്ധിപ്പിച്ചതും കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കോളേജുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ കൂടാതെ

വില്ലേജ് ഓഫീസുകൾ, ആശുപത്രികൾ തുടങ്ങിയവ അനുവദിച്ചതിലൂടെ കേരളത്തിന്റെ സന്തുലിതവികസനമാണ് ലക്ഷ്യമിടുന്നത്. പ്രതിപക്ഷം സഭയ്ക്കുള്ളിലും പുറത്തും സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിനെ കേരളീയ സമൂഹം വിലയിരുത്തും. അടിസ്ഥാനരഹിതമായിട്ടുള്ള അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്ന പ്രതിപക്ഷ നിലപാടിനോട് ഒരുവിധത്തിലും യോജിക്കാനാവില്ല.

**റൂളിംഗ്**

മി. ചെയർമാൻ: ധനാഭ്യർത്ഥന ചർച്ചാവേളയിൽ ബന്ധപ്പെട്ട വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടാകണമെന്നതാണ് കീഴ് വഴക്കം. ഇത് പരിശോധിച്ച് സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജി.എ.ഡി. സെക്രട്ടറി ഗ്യാലറിയിൽ ഉണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: വികസനവും കരുതലുമെന്നതാണ് സർക്കാരിന്റെ മുഖമുദ്രയെങ്കിലും ജനക്ഷേമകരമായ പ്രവർത്തനങ്ങളൊന്നും സർക്കാർ നടത്തുന്നില്ല. വകുപ്പുകളിലെല്ലാം ക്രിയാത്മകമായ ഇടപെടലുകൾ നടത്താതെ നിഷ്ക്രിയമാക്കിയിരിക്കുകയാണ്. നാല് വർഷത്തെ

ഭരണംകൊണ്ട് കടബാധ്യത ഇരട്ടിപ്പിച്ചു. നികുതി പിരിവിന്റെ കാര്യത്തിലുള്ള അനാസ്ഥ കാരണം നികുതി വകുപ്പ് നിർജ്ജീവമായിരിക്കുകയാണ്. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക കൊടുത്തുതീർക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തുകൾക്ക് 50 ശതമാനം തുക പോലും കൊടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്കും വീട് തകർന്നവർക്കും സഹായമെത്തിക്കാൻ തയ്യാറാകണം. റബ്ബർ, തേയില കർഷകരെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സമയബന്ധിതമായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ നൽകാനും ഐ.എ.വൈ. പദ്ധതിയടക്കം വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് പണം ലഭ്യമാക്കാനും നടപടിയുണ്ടാകണം. മാർക്കറ്റ് ഇന്റർവെൻഷൻ നിലനിർത്തുന്നതിനും കമ്മ്യൂണിറ്റി കിച്ചൺ നടത്തുന്നതിനുമുള്ള പണം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണം. അഴിമതി മുഖമുദ്രയാക്കിയ സർക്കാരിന് ഭരണത്തിൽ തുടരാൻ യാതൊരു അവകാശവുമില്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ ഭരണംകൊണ്ട് സംസ്ഥാനത്ത് ഒട്ടേറെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു.

കൊച്ചി മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട് സിറ്റി മുതലായ നിരവധി വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള സർക്കാർ നിലപാട് അങ്ങേയറ്റം പ്രശംസനീയമാണ്. കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. ദേശീയ ഗെയിംസ് വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചു. വിഴിഞ്ഞം ഹാർബർ പദ്ധതി പ്രാവർത്തികമാക്കാനുള്ള സാഹചര്യം സംജാതമായി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വളരെയേറെ പ്രശംസയർഹിക്കുന്നതാണ്. പാലക്കാട് ഐ.ഐ.ടി. ആരംഭിക്കുന്നതിന് സംവിധാനമായി. ഓപ്പറേഷൻ കുബേര വൻവിജയമാക്കാൻ സാധിച്ചു. 1,22,391 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകാൻ കഴിഞ്ഞു. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന സാഹചര്യമുണ്ടാക്കാൻ സാധിച്ചു. ലോക നിലവാരമുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കാനും റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി രൂപീകരിക്കാനും 1970 കോടി രൂപയുടെ പുതിയ ബൈപ്പാസുകൾ ഉണ്ടാക്കാനും ഇന്റർനാഷണൽ കൺസ്ട്രക്ഷൻ അക്കാദമി രൂപീകരിക്കാനും സാധിച്ചു. വൈദ്യുതി ചാർജ്ജ് ഓൺലൈൻ ആയി അടയ്ക്കാനുള്ള സംവിധാനമുണ്ടാക്കി. സഹകരണ വകുപ്പിന്

ലഭിക്കാനുണ്ടായിരുന്ന കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചു. വായ്പയിലും പലിശയിനത്തിലുമായി കടബാധ്യതയുണ്ടായിരുന്നവർക്ക് 935 കോടി രൂപയുടെ ആനുകൂല്യം അനുവദിച്ച നടപടി പ്രശംസനീയമാണ്. കാരുണ്യ പദ്ധതി പ്രകാരം 650 കോടി രൂപയുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 412 കോടി രൂപയുടെയും ധനസഹായം നൽകി. ഒരു രൂപയുടെ അരി പുതുതായി 60 ലക്ഷംപേർക്കുകൂടി നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചു. റബ്ബർ സംഭരണത്തിനുവേണ്ടി പണം നീക്കിവച്ചു. അന്യ സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുകയും 3000 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുകയും വിവിധ ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും പുതിയ പെൻഷൻ ഏർപ്പെടുത്തുകയും ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തു. എൻഡോസൾഫാൻ പാക്കേജ്, അദ്ധ്യാപക പാക്കേജ്, മൂലമ്പള്ളി പാക്കേജ് എന്നിവ ഏർപ്പെടുത്തി. എല്ലാവർക്കും പാർപ്പിടം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു. 100 ദിനംകൊണ്ട് നടപ്പാക്കുന്ന 107 കർമ്മ പദ്ധതികളിൽ 101 പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ബാലിശമായ

ആരോപണങ്ങൾ ഉന്നയിക്കേണ്ടി വന്നിരിക്കുന്ന നിർഭാഗ്യകരമായ അവസ്ഥയിലാണ് ഇടതുപക്ഷ പ്രസ്ഥാനം എത്തിനിൽക്കുന്നത്. ഇന്ത്യയിൽ വർഗ്ഗീയത വളർത്തുകയും രാജ്യത്തെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതി നൽകുകയും ചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന പ്രതീക്ഷാനിർഭരമായ ഭരണമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. സി. കെ. നാണു: ധനകാര്യ വകുപ്പുമന്ത്രിക്ക് ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കാതിരുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഭരണകക്ഷിക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ യു.ഡി.എഫ്. ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ക്രമാതീതമായി വർദ്ധിച്ചുവരുന്ന മരുന്നുവില നിയന്ത്രിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളിലെ മരുന്ന് ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. കടൽത്തീരങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് കടലോരമേഖലയെ സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കാനും നടപടി സ്വീകരിക്കണം. കേരളത്തിൽ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളത് എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ മാത്രമാണ്.

പൊതുമേഖലയെ വിദേശകുത്തകകൾക്ക് അടിയറ വയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നീക്കത്തെ ചെറുത്തുതോൽപ്പിക്കാൻ കഴിയണം. കേരളത്തിലേയ്ക്ക് വരുന്ന വിദേശനിക്ഷേപം അടിസ്ഥാന വികസനത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കണം. ജനാധിപത്യത്തിന്റെ തകർച്ചയിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ അഴിമതിക്കും കുത്തകകൾക്കുമെതിരെ അതിശക്തമായ നിലപാട് സ്വീകരിക്കണം.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളും പ്രതിപക്ഷത്തിന്റെ അനാവശ്യ ആരോപണങ്ങളും ജനങ്ങളുടെ വിധിയെഴുത്തിൽ പ്രതിഫലിക്കുകയും യു.ഡി.എഫ്. വർദ്ധിതവീര്യത്തോടെ അധികാരത്തിൽ വരികയും ചെയ്യും. ബാർ കോഴ കേസുമായി ബന്ധപ്പെട്ട് ഇടതുപക്ഷം ഉന്നയിച്ച ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അന്യായമായി ധനകാര്യ വകുപ്പുമന്ത്രിയെ വേട്ടയാടുന്ന സമീപനം ശരിയല്ല. പാവപ്പെട്ട രോഗികൾക്ക് സഹായഹസ്തമായി മാറിയ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയ്ക്കുള്ള തെളിവാണ്. ബഡ്ജറ്റ് അവതരണ വേളയിൽ

പരിപാവനമായ നിയമസഭയെ കളങ്കപ്പെടുത്തിയ സംഭവം അങ്ങേയറ്റം ലജ്ജാവഹമാണ്. കൊച്ചി മെട്രോയുടെയും കണ്ണൂർ വിമാനത്താവളത്തിന്റെയും പണി പൂർത്തീകരണത്തോടടുക്കുന്നതോടൊപ്പം കൊച്ചിൻ സ്മാർട്ട് സിറ്റി പ്രവർത്തനക്ഷമമായിരിക്കുകയാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയും വിഴിഞ്ഞം പദ്ധതി യഥാർത്ഥ്യമാവുകയും ചെയ്യുന്നു. പുതിയ ആസൂത്രണ നയത്തിന്റെ മറവിൽ കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന സഹായം നഷ്ടപ്പെടുന്നതിനെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവുനായകളുടെ ശല്യം ഇല്ലാതാക്കുന്നതിനും റോഡിന്റെ ഇരുവശങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി ബലമുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുമുള്ള സംവിധാനമുണ്ടാകണം. അമിതമായ പ്രകൃതി സ്നേഹം കൊണ്ട് മനുഷ്യജീവൻ നശിക്കുന്ന നിലയ്ക്ക് മാറ്റമുണ്ടാകണം. വികസനത്തിന്റെ കാര്യത്തിൽ അതിവേഗം മുന്നോട്ടുപോയികൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: വിഴിഞ്ഞം പദ്ധതി പൊതുമേഖലയിൽ വേണമെന്ന ജനകീയ ആവശ്യത്തെ അട്ടിമറിച്ചുകൊണ്ട് അദാനി ഗ്രൂപ്പിന്

പണയപ്പെടുത്താൻ തീരുമാനമെടുത്ത ഈ ഗവൺമെന്റിന്റെ നടപടി അപലപനീയമാണ്. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളുടെ നിജ:സ്ഥിതിയെപ്പറ്റി അന്വേഷിക്കുന്നതിനും പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വിവിധ വികസന പ്രവർത്തനങ്ങളിലൂടെ ദേശീയ ശരാശരിയേക്കാൾ ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന് പരിഹരിക്കാനാവാത്ത ചെങ്ങറ ഭൂമി സമരം, മൂലമ്പള്ളി പ്രശ്നം, എൻഡോസൾഫാൻ ദുരിതം എന്നിവ പരിഹരിച്ചതിനുപുറമെ നേഴ്സുമാരുടെ പ്രശ്നം പരിഹാരിക്കാനായി ഒരു കമ്മിഷൻ രൂപീകരിക്കുകയും മിനിമം വേജസ് ഏർപ്പെടുത്തുകയും ചെയ്തു. കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യകിരണം, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം എന്നീ കാരുണ്യ പദ്ധതികളിലൂടെ അവശതയനുഭവിക്കുന്ന ഒട്ടേറെപേർക്ക് സഹായം നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചു.

ശ്രീ. എ. കെ. ബാലൻ: യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതികളൊന്നും വിജയിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ ധാരാളം ഫയലുകൾ

കെട്ടിക്കിടക്കുന്നു. ഓൺലൈൻ ഫയലിന്മേൽ തീരുമാനമെടുക്കാൻ മന്ത്രിമാർക്ക് കഴിഞ്ഞിട്ടില്ല. എല്ലാ വകുപ്പുകളും വളരെ മോശമായ നിലയിലാണ് പ്രവർത്തിക്കുന്നത്. അഴിമതിക്കാരായ മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും പേരിൽ നടപടിയെടുക്കണം. പ്രധാനപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്യാൻ ആളില്ല. സത്യസന്ധരായ ഐ.എ.എസ്.-കാർക്ക് ജോലി ചെയ്യാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത്. പി.എസ്.സി. യുടെ പ്രവർത്തനവും സർക്കാരിന്റെ സമീപനവും പരിതാപകരമാണ്. പശ്ചാത്തല മേഖലയുടെ വികസന കാര്യത്തിൽ മുഖ്യമന്ത്രി ശ്രദ്ധിക്കണം. വൈദ്യുതി ഉല്പാദന കാര്യത്തിൽ ഇതുവരെയും വിജയം കൈവരിച്ചിട്ടില്ല. ഊർജ്ജപ്രതിസന്ധി പരിഹരിക്കാനുള്ള ഗെയിൽ പദ്ധതി പരാജയപ്പെട്ടുകിടക്കുന്നു. വ്യവസായ വികസനത്തിന് കുതിച്ചുചാട്ടമുണ്ടാക്കാൻ സാധിക്കുന്ന പല പദ്ധതികളും പരാജയപ്പെട്ടുപോയിരിക്കുകയാണ്. വൈദ്യുത രംഗത്ത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഈ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. പൊതുമേഖലയിൽ കൊണ്ടുവരാൻ കഴിയുമായിരുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി സ്വകാര്യ കോർപ്പറേറ്റ് കമ്പനിക്ക് മറിച്ചുകൊടുക്കുകയാണ് ഈ

സർക്കാർ ചെയ്തത്.

ശ്രീ. ജോസഫ് വാഴക്കൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചലനാത്മകമായ സർക്കാരാണ് കേരളം ഭരിക്കുന്നത്. ബഡ്ജറ്റിനെ അംഗീകരിക്കാത്ത പ്രതിപക്ഷം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറായത് സ്വാഗതാർഹമാണ്. വികസനപാതയിൽ അതിവേഗം മുന്നോട്ടുപോകുന്ന യു.ഡി.എഫ്. സർക്കാരിനെ അടിസ്ഥാനമില്ലാത്ത ആരോപണങ്ങളുടെ പുകമറയിൽ നിർത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്വന്തം കാലഘട്ടത്തിലെ അഴിമതി മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം ഇരട്ടത്താപ്പാണ്. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയ കേരളത്തിന്റെ സ്വപ്നപദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് വലിയ പരിശ്രമമാണ് യു.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: കേരള നിയമസഭാ ചരിത്രത്തിൽ സാമ്പത്തിക ഇടപാടുകളുടെ കാര്യത്തിലെ കറുത്ത വർഷമാണ് 2015-16. സംസ്ഥാനത്തെ ബ്യൂറോക്രാറ്റുകളിൽ ഒരു വിഭാഗം അറിയപ്പെടുന്ന ക്രിമിനലുകളുമായി നടത്തുന്ന മാഫിയാബന്ധം അന്വേഷിക്കാൻ സംവിധാനമുണ്ടാകണം. യാതൊരു ധാർമ്മികതയുമില്ലാത്ത ഗവൺമെന്റാണ്

ഇത്. പുതുതലമുറയ്ക്ക് ആവശ്യമായ യാതൊരു മൂല്യവും പകർന്നുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. കഴിഞ്ഞ നാല് വർഷംകൊണ്ട് സംസ്ഥാനത്തിന് 49,422 കോടി രൂപയുടെ കടബാദ്ധ്യതയുണ്ടായി. കരാറുകാർക്ക് 2,105 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ആലപ്പുഴ ജില്ലയിലെ കടലാക്രമണ ഭീഷണി തടയുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 250-ലേറെ വീടുകൾ കടലാക്രമണത്തിൽ തകർന്നിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും വലിയ വികസനവും കരുതലും നടന്നത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ജനസമ്പർക്ക പരിപാടികളിലൂടെ 470 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് സ്കീമിലൂടെ 86,000 പേർക്ക് 700 കോടി രൂപയുടെ ചികിത്സാ സഹായം വിതരണം ചെയ്തിട്ടുണ്ട്. സ്റ്റാർട്ട് അപ് ടെക്നോളജി പോളിസി രൂപീകരിക്കുകയും സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 2,392 കോടി രൂപ മുതൽമുടക്കുള്ള 15,455 പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും അതിലൂടെ 83,500-ഓളം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി യുവജന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.

ഡി.സി.യും കെ.എഫ്.സി.യും ചേർന്ന് 20 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നുണ്ട്. ഇ-ഗവേണൻസ് രംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് സംവിധാനം ഏർപ്പെടുത്തുകയും അതിലൂടെ ഒരു കോടി നാല്പത് ലക്ഷം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സാമ്പത്തിക സാക്ഷരത ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. തീർത്ഥാടന കേന്ദ്രങ്ങളിൽ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി ശാസ്ത്രീയ പഠനം നടത്തി നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഓൺലൈൻ മാർക്കറ്റിംഗ് ഏർപ്പെടുത്തണം. സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ വിലയിരുത്തലുകൾക്ക് വിധേയമാക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഭരണ സ്വാധീനം ഉപയോഗിച്ച് അഴിമതി ആരോപണങ്ങളെ അട്ടിമറിക്കാനാണ് യു.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. ഭരണകക്ഷിയിൽപ്പെട്ടവർതന്നെ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിമർശിക്കുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ബാർ കോഴക്കേസിൽ ധനകാര്യ വകുപ്പുമന്ത്രിക്കനുകൂലമായ നിലപാട്

വിജിലൻസ് സ്വീകരിച്ചതിനു പിന്നിൽ മുഖ്യമന്ത്രിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും നിയമവിരുദ്ധമായ ഇടപെടലുണ്ട്. ജനക്ഷേമകരമായ യാതൊരു പ്രവർത്തനങ്ങളും നടത്താത്ത ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റ് അവതരണത്തെ എതിർക്കുന്നതിനുള്ള പ്രതിപക്ഷ തീരുമാനം യുക്തിരഹിതമായിരുന്നുവെന്ന കാര്യം ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ്. സർക്കാരിനെതിരെയുള്ള പ്രതിപക്ഷ സമരങ്ങൾ നിരന്തരം പരാജയപ്പെടുകയാണ്. ബാർ കോഴക്കേസിൽ വ്യവസ്ഥാപിതമായ രീതിയിലുള്ള അന്വേഷണമാണ് സർക്കാർ നടത്തിയത്. കഴമ്പില്ലാത്ത ആരോപണങ്ങളാണ് പ്രതിപക്ഷം ഈ വിഷയത്തിൽ ഉന്നയിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ജനക്ഷേമകരമായ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കാത്ത സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. സിവിൽ സപ്ലൈസ് വകുപ്പ് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുള്ള സർക്കാർ സംവിധാനമായ സപ്ലൈകോയും

കൺസ്യൂമർഫെഡും അഴിമതിയുടെ കൂത്തരങ്ങായി മാറുകയും നീതി/നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവതാളത്തിലാകുകയും ചെയ്തിരിക്കുകയാണ്. ക്ഷേമ പെൻഷനുകളെല്ലാം കുടിശ്ശികയാകുകയും കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നിലച്ചിരിക്കുകയുമാണ്. ഭരണ സംവിധാനം ഉപയോഗപ്പെടുത്തി അഴിമതി കേസ്സുകളെല്ലാം സർക്കാർ അട്ടിമറിക്കുകയാണ്. ഈ സർക്കാരിന്റെ അഴിമതിക്കും കൊള്ളയ്ക്കും കൂട്ടുനിൽക്കാൻ കഴിയാത്തതിനാൽ ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതും സഭയുടെ പാരമ്പര്യത്തിന് യോജിക്കാത്തതുമായ പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തെ പൂർണ്ണമായും തള്ളിക്കളയുകയാണ്. ജനങ്ങൾ അർപ്പിച്ച വിശ്വാസം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഒരു ഉറച്ച ഭരണം സംസ്ഥാനത്തിന് പ്രദാനം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിനും പ്രശ്നബാധിത പ്രദേശങ്ങളിലെ വിദേശ മലയാളികൾക്ക് സംരക്ഷണം

നൽകാനും സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. 'വികസനവും കരുതലും' എന്ന മുദ്രാവാക്യത്തോട് പൂർണ്ണമായും നീതിപുലർത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ, ദേശീയ ജലപാത തുടങ്ങിയ സ്വപ്ന പദ്ധതികൾ ആവിഷ്കരിക്കാൻ ഈ സർക്കാരിന് സാധിച്ചു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുമെന്ന് ഉറപ്പുനൽകാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന 746 കോടി രൂപ ഇതിനോടകം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.37-ന് പിരിഞ്ഞു.

*****************